ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.DTETVM/4442/2023/C2(ACA) തീയതി:16-12-2024

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം-പോളിടെക്നിക് കോളേജ് - വിദ്യാർഥികളുടെ സ്ഥാപന മാറ്റവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

സൂചന :-

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ വിദ്യാർഥികളുടെ സ്ഥാപനമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. രണ്ടാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളുടെ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ക്ലാസ്സ് ആരംഭിച്ച് 10 ദിവസത്തിനുള്ളിൽ വിദ്യാർഥികളിൽ നിന്നും സ്വീകരിച്ച് സ്ഥാപനമാറ്റത്തിന് അപേക്ഷിച്ച സ്ഥാപനത്തിൽ എത്തിക്കേണ്ടതും ലഭിച്ച അപേക്ഷകളിൽ സ്ഥാപനമേധാവികൾ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്.

2.നാലാം സെമസ്റ്ററിലെ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ 20.12.2024 തീയതിയ്ക്ക് മുൻപ് വിദ്യാർഥികളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് വ്യക്തമായ റിപ്പോർട്ടും ആവശ്യമായ ശുപാർശയും സഹിതം ഈ ഓഫിസിലേക്ക് എത്തിച്ച് തരേണ്ടതാണ്. 28.12.2024 -നു ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

3.ഓരോ ബ്രാഞ്ചിലും നാലാം സെമസ്റ്ററിൽ ഉണ്ടാകുന്ന ഒഴിവുകൾ 28.12.2024 തീയതിയ്ക്കകം ഈ ഓഫിസിൽ അറിയിക്കേണ്ടതാണ്.

4.വിദ്യാർഥികൾ മതിയായ കാരണമില്ലാത്തയോ/ആവശ്യമില്ലാതെയോ സ്ഥാപന മാറ്റത്തിനായി നൽകുന്ന അപേക്ഷകൾ സ്ഥാപന മേധാവികൾ സ്ഥാപനത്തിൽ തന്നെ പരിശോധിച്ച് അപേക്ഷ പരിഗണിക്കേണ്ടതാണോയെന്ന തീരുമാനം കൈക്കൊള്ളേണ്ടതാണ്. വ്യക്തമായ കാരണങ്ങൾ കൂടാതെ സമർപ്പിക്കുന്ന അപേക്ഷകൾ സ്ഥാപന തലത്തിൽ തന്നെ നിരസിക്കേണ്ടതാണ്.

5.സ്ഥാപനമാറ്റ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മതിയായ കാരണമില്ലാതെ വിദ്യാർഥികൾ സമർപ്പിക്കുന്ന സ്ഥാപനമാറ്റം റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പ്രാക്ടിക്കൽ പരീക്ഷകൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ പരീക്ഷകൾ പൂർത്തിയായതിനുശേഷം വിദ്യാർത്ഥികളെ വിടുതൽ ചെയ്താൽ മതിയാകും. സ്ഥാപനമാറ്റം നടത്തിയതിനു ശേഷം പരീക്ഷാ വെബ്സൈറ്റിൽ വരുത്തേണ്ട മാറ്റങ്ങൾ ജോയന്റ് കൺട്രോളറുടെ നിർദ്ദേശപ്രകാരം മാത്രം ചെയ്യേണ്ടതാണ്.

സ്ഥാപനമാറ്റത്തിനുള്ള അപേക്ഷകൾ സംബന്ധിച്ച മേൽനിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ സ്ഥാപനമേധാവികളോടും നിർദേശിക്കുന്നു.

Signed by
Sulficar A
Date: 16-12-2024 17:14:21

Sulficar A
DEPUTY DIRECTOR GENERAL

സ്വീകർത്താവ്,

1. എല്ലാ സർക്കാർ/എയ്ഡഡ്പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾമാർക്കും. (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി